**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3496** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഗുണമേന്മയുള്ള നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നെൽകർഷകർ നിലവിൽ ഉപയോഗിച്ചുവരുന്ന ഉമ നെൽവിത്തിന്റെ ഗുണമേന്മയും ഉത്പ്പാദനശേഷിയും പ്രതിരോധശേഷിയും കുറഞ്ഞ സാഹചര്യത്തിൽ കൂടുതൽ ഗുണമേന്മയും പ്രതിരോധശേഷിയും മലയാളികളുടെ ഭക്ഷണക്രമത്തിന് അനുയോജ്യവുമായ നല്ലയിനം വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | **സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മയും ഉത്പാദനശേഷിയും പ്രതിരോധശേഷിയും കൂടതലുള്ള ഇനങ്ങളായ പൗർണമി, KAU പുണ്യ (MO 25), KAU ആദ്യ (MO 24) എന്നീ പുതിയ ഇനം വിത്തുകൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ ഉയർന്ന ഉത്പാദന ശേഷിയും രോഗകീടപ്രതിരോധ ശേഷിയും കാലാവസ്ഥാ മാറ്റത്തിന് ഉതകുന്നതുമായ നെൽവിത്തി നങ്ങളെ വികസിപ്പിക്കാനുള്ള ഗവേഷണ പ്രക്രിയ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു.** |
| (ബി) | കൃഷിഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നെൽകൃഷിയുടെ വികസനത്തിന് മുൻപ് നൽകിയിരുന്ന വിവിധ സബ്സിഡികളും ഉല്പാദന ഇൻസെന്റീവുകളും പുനസ്ഥാപിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) | കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കർഷക സൗഹൃദമാക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്. സ്മാർട്ട് കൃഷിഭവൻ, കേരളാ കൃഷി ഹബ്ബ്, കതിർ ആപ്പ്, അനുഭവം പദ്ധതി തുടങ്ങിയവ പൂർണ്ണതയിലെത്തുന്നതോടെ ഈ ലക്ഷ്യം കൈവരിക്കുവാനും നിലവിലുള്ള കൃഷി ഉദ്യോഗസ്ഥരുടെ സേവനം കൂടുതൽ കാര്യക്ഷമമായി വിളയിടത്തിൽ പ്രയോജനപ്പെടുത്താൻ സാധ്യമാകുകയും ചെയ്യും.<br><br>നെൽകൃഷിയുടെ വികസനത്തിനായി നെൽകൃഷി വികസന പദ്ധതി മുഖാന്തരം മുൻ വർഷങ്ങളിൽ നൽകി വരുന്ന വിവിധ സബ്സിഡികളും ഉല്പാദന ഇൻസെന്റീവുകളും നിലവിലും തുടർന്ന് വരുകയാണ്. നെല്ലിനുള്ള പദ്ധതി വിഹിതം 2025-26 സാമ്പത്തിക വർഷം 120 കോടി രൂപയാക്കിയിട്ടുണ്ട്. |
| (സി) | കൊയ്ത്ത് മെഷീൻ ഏജന്റുമാരുടെയും നെല്ല് സംഭരണ ഏജന്റുമാരുടെയും ചൂഷണത്തിൽ നിന്ന് നെൽകർഷകരെ രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കൊയ്ത്ത് മെഷീൻ ഏജന്റുമാരുടെ ചൂഷണം തടയുന്നതിനായുള്ള പ്രവർത്തനങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | നെല്ലിന്റെ കയറ്റിറക്ക് കൂലി കൈകാര്യ ചെലവ് എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ഒരു ക്വിന്റൽ നെല്ലിന് കർഷകർക്ക് ചെലവാകുന്ന തുക എത്രയാണെന്നും സർക്കാർ എത്രയാണ് അവർക്ക് നൽകുന്നതെന്നും പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (ഡി) | കൈകാര്യ ചെലവിനത്തിൽ ഒരു ക്വിന്റൽ നെല്ലിന് 12 രൂപയാണ് കർഷകർക്ക് നൽകി വരുന്നത്. നെല്ല് സംഭരണത്തിന്റെ അടിസ്ഥാന താങ്ങുവില എല്ലാ സീസണുകളിലും അഗ്രികൾച്ചർ പ്രൈസ് കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരാണ് പ്രഖ്യാപിക്കുന്നത്. സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസ് കൂടി ചേർത്താണ് സംസ്ഥാന സർക്കാർ സംഭരണ വില പ്രഖ്യാപിക്കുന്നത്. |
| (ഇ) | പാടശേഖരങ്ങളുടെ ബണ്ടുകളുടെ പരിപാലനം കൂടി സാധ്യമാക്കുന്ന വിധത്തിൽ പമ്പിംഗ് സബ്സ്ഡി തുക കാലോചിതമായി പരിഷ്കരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ